സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഗുണ്ടാ ആക്രമണം

41 [41] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണ്ടകളുടെ അക്രമം വർദ്ധിച്ചുവരുന്നതായി എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് ഗുണ്ടാ ആക്റ്റ് നിലവിലുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണനയിലുണ്ടോ;

(എഫ്) വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഗുണ്ടാ പ്രവർത്തനം എന്ന പദപ്രയോഗം നിയമദൃഷ്ട്യാ നിർവ്വചിക്കപ്പെട്ടിട്ടില്ല. എന്നാൽ സാമൂഹ്യവിരുദ്ധരുടെ ആക്രമണം നേരിയ തോതിൽ അങ്ങിങ്ങായി നടക്കുന്നുണ്ട്.

(ബി & സി) സംഘടിതവും അല്ലാതെയുമുള്ള അക്രമങ്ങൾ അമർച്ച ചെയ്യുന്നതിന് അത്തരക്കാരെ റൗഡി ഹിസ്റ്ററി ഷീറ്റിൽ ഉൾപ്പെടുത്തി അവരുടെ നീക്കങ്ങൾ സദാ നിരീക്ഷിച്ചും മേൽപ്പടി പ്രവർത്തനങ്ങൾ നടക്കുന്നതായി പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിലും റസിഡൻഷ്യൻ അസോസിയേഷനുകളുമായി സഹകരിച്ച് പ്രവർത്തിച്ചും നിയമം അനുശാസിക്കുന്നവിധം കേസുകൾ രജിസ്റ്റർ ചെയ്തും പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചും ഇത്തരം കുറ്റം ചെയ്യുന്നവരെ സി. ആർ. പി. സി. 107, 110 പ്രകാരം പ്രതിരോധ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇല്ല.

(ഇ & എഫ്) സാമൂഹ്യവിരുദ്ധരെ നേരിടുന്നതിനുവേണ്ടി നിയമനിർമ്മാണ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly